പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.5360

01.07.2014 ൽ
മറുപടിയ്ക്ക്.

**ഖാദി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാലോട് രവി<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഖാദി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;<br><br>(ബി) പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) യും (ബി) യും ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഖാദി മേഖലയുടെ ആധുനികവൽക്കരണം സംബന്ധിച്ച് ഒരു കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പുതിയതായി റെഡിമെയ്ഡ് പാവ് യൂണിറ്റുകൾ, പുതിയ വർക്ക് ഷെഡുകൾ, നിലവിലെ വർക്ക് ഷെഡുകൾ റിപ്പയറിംഗ് പുതിയ തൊഴിലാളികൾക്ക് പരിശീലനം തുടങ്ങിയവയെല്ലാം ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ 120 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. അഞ്ച് വർഷം കൊണ്ട് പദ്ധതി പൂർത്തിയാക്കുക എന്നതാണ് ലക്ഷ്യം. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ; | (സി) ഏജൻസികളെ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) എത്ര പേർക്ക് തൊഴിൽ നൽകാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്; വിദാംശങ്ങൾ എന്തെല്ലാം? | (ഡി) കർമ്മപദ്ധതി നടപ്പിലായി കഴിയുമ്പോൾ ഖാദി മേഖലയിൽ പുതിയതായി 5000 തൊഴിലവസരങ്ങൾ സൃഷ്ടിയ്ക്കുവാൻ കഴിയും |

(signature)

സെക്ഷൻ ഓഫീസർ